LIBRARY ARCHIVES Kerala Legislative Assembly

മാറിക്കൊടുക്കാതെ ഡിപ്പാർട്ടുമെന്റ് തടസ്സവാദം ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ച് പാലം നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഇവിടെ ചൂണ്ടിക്കാണിച്ച പ്രശ്നം ഗുരുതരമായ സാഹചര്യമാണ് സൃഷ്ടിച്ചിരിക്കുന്നത്. അവിടെ തൂണുകൾ തമ്മിൽ 4 മീറ്റർ വീതിയേയുള്ളുവെന്നതിനാൽ കരിയാർ പുഴയിലൂടെയുള്ള ജലഗതാഗതത്തെ ബാധിക്കുമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടാണ് സ്റ്റോപ്പ് മെമ്മോ കൊടുത്തത്. ഇപ്പോൾ നാല് വർഷമായി ആ പാലം നിർമ്മാണം എവിടെയുമെത്താതെ നിൽക്കുകയാണ്. 30-1-2021-ന് പഞ്ചായത്ത് ഡയറക്ടർതന്നെ നേരിട്ട് വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനമനുസരിച്ച് ചീഫ് എഞ്ചിനീയർ 30-1-2021-ന് സ്ഥലപരിശോധന നടത്തി തീരുമാനമെടുക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും തുടർനിർദ്ദേശം വകുപ്പിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി ഏറ്റവും വേഗത്തിൽ സ്വീകരിക്കാവുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

(3) ചെക്ക്ഡാം- കം -ബ്രിഡ്ജ് നിർമ്മാണം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ കോടങ്കയത്ത് മണിമലയാറിന് കുറുകെ ഒരു ചെക്ക്ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്നാണ് ഉന്നയിക്കാനുള്ളത്. ഇവിടെയുള്ള നൂറോളം കുടുംബങ്ങൾക്ക് കുടിവെള്ള പദ്ധതിയെന്ന നിലയിൽ കോടങ്കയം കുടിവെള്ള പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല കോടങ്കയം മുതൽ ഇളങ്കാവ് കരിനൃകയം ചെക്ക്ഡാമിന്റെ ഭാഗത്തേയ്ക്ക് പുഴയോര പാതയെന്ന നിലയിൽ രാവിലെ ആളുകൾക്ക് നടക്കാനുള്ള സംവിധാനവും പ്രാദേശികമായ പ്രവർത്തനം ഇവിടെ ആരംഭിക്കാൻവേണ്ട നടപടിയും സ്വീകരിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മേജർ ഇറിഗേഷൻ വകുപ്പിലുൾപ്പെടുത്തി ചെക്ക്ഡാം-കം-ബ്രിഡ്ജ് അനുവദിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ കോടങ്കയത്ത് മണിമലയാറിന് കുറുകെ ഒരു ചെക്ക്ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്നാണ് ബഹുമാന്യനായ അംഗം ആവശ്യപ്പെട്ടിരിക്കുന്നത്. കുടിവെള്ള പദ്ധതിക്കുകൂടി ഉപകാരപ്രദമാകുന്ന തരത്തിലാണ് അത് ഡിസൈൻ ചെയ്തിട്ടുള്ളത്. അതോടൊപ്പം പുഴയോര പാതയും നിർമ്മിച്ചുവരുന്നുണ്ട്. അതുകൊണ്ട് തീർച്ചയായും കോടങ്കയത്ത് ഒരു ചെക്ക്ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യകതയനുസരിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം നടപ്പാലം എന്നത് മാറ്റി വാഹന ഗതാഗതത്തിനുതകുന്ന രീതിയിലാണ് പാലംനിർമ്മാണം നടത്തിയത്. തൂണുകളുടെ നിർമ്മാണം അവസാനഘട്ടം എത്തിനിൽക്കെ ചീഫ് എഞ്ചിനീയർ സൈറ്റ് സന്ദർശിക്കുകയും തുടർന്ന് സർക്കാർ നിർദ്ദേശപ്രകാരം സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതും പണി നിർത്തി വച്ചിട്ടുള്ളതുമാണ്. ജലസേചന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 25-10-2019-ന് വിളിച്ച് ചേർത്ത യോഗത്തിന്റെ തീരുമാനപ്രകാരമാണ് സ്റ്റോപ്പ് മെമ്മോ കൊടുക്കുവാനും അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി പാലം പുനർരൂപകൽപ്പന ചെയ്യുവാനും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയത്. തൂണുകൾ തമ്മിൽ 4 മീറ്റർ മാത്രമേ വീതിയുള്ളൂ എന്നത് കരിയാർ പുഴയിലൂടെയുള്ള ജലഗതാഗതത്തെ ബാധിക്കുമെന്ന കാരണത്താലാണ് സ്റ്റോപ്പ് മെമ്മോ കൊടുക്കുവാൻ വകുപ്പ് ശിപാർശ ചെയ്തത്. ബഹുമാനപ്പെട്ട വൈക്കം എം.എൽ.എ. ശ്രീമതി സി. കെ. ആശയുടെ സാന്നിദ്ധ്യത്തിൽ 30-1-2021-ന് പഞ്ചായത്ത് ഡയറക്ടറുടെ നേതൃത്വത്തിൽ കൂടിയ യോഗതീരുമാനമനുസരിച്ച് ചീഫ് എഞ്ചിനീയർ ഉടൻ സ്ഥലപരിശോധന നടത്തി തീരുമാനമെടുക്കുന്നതിന് നിർദ്ദേശിച്ചിരുന്നെങ്കിലും തുടർനിർദ്ദേശം ആ വകുപ്പിൽനിന്നും ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

3. (ചെക്ക് ഡാം-കം-ബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച് ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്) അവതരിപ്പിച്ച സബ്മിഷന് ബഹു. ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ചിറക്കടവ്, കാഞ്ഞിരപ്പള്ളി പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് കോടങ്കയത്ത് മണിമലയാറിന് കുറുകെ ചെക്ക്ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്ന് ആവശ്യപ്പെടുന്ന സ്ഥലത്ത് 2-8-2021-ൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്ദർശനം നടത്തുകയുണ്ടായി. മണിമലയാറിന്റെ കൈവഴിയായ ചിറ്റാർപുഴയ്ക്ക് കുറുകെയാണ് പ്രസ്തുത ചെക്ക്-ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കേണ്ടത്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിലൂടെ നിലവിലുള്ള കോടങ്കയം കുടിവെള്ള പദ്ധതി പ്രദേശത്തുള്ള ജലക്ഷാമം പരിഹരിക്കാൻ സാധിക്കുന്നതാണ്. ഇതിന് മണ്ണ് പരിശോധനയുൾപ്പെടെയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുകയും സ്ഥലലഭ്യത ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. അതിനുശേഷം മാത്രമേ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.